# യാത്രാവിവരണങ്ങളുടെ മാറുന്ന ഭാവുകത്വം: ദേവദാസി തെരുവുകളിലൂടെ, വിശുദ്ധ പാപങ്ങളുടെ ഇന്ത്യ എന്നീ കൃതികളെ അടിസ്ഥാനമാക്കിയുള്ള പഠനം

രൂപ ശശിധരൻ എ.

ഡോ. സിസ്റ്റർ ബീന ടി. എൽ.

**ആമുഖം**

യാത്ര എക്കാലത്തും സർവ്വസാധാരണമാണ്. മനുഷ്യന്റെ വൈവിധ്യമാർന്ന സഞ്ചാരാനുഭവങ്ങളെ രേഖപ്പെടുത്താനാണ് യാത്രാവിവരണസാഹിത്യം രൂപംകൊണ്ടത്. ഭൂമിശാസ്ത്രപരമായ അതിരുകളെയും പ്രതിസന്ധികളെയും മറികടന്ന സ്ഥലകാലങ്ങളുടെ വിശാലതയിലേക്കു അനുവാചകരെ കൊണ്ടുപോകാൻ യാത്രാവിവരണസാഹിത്യത്തിന് ഒരു പരിധിവരെ കഴിഞ്ഞിട്ടുണ്ട്. മനുഷ്യസംസ്കാര നിർമിതിയിലും വിനിമയങ്ങളിലും പ്രധാന പങ്കുവഹിച്ച ഇത്തരം കൃതികൾ മലയാളസാഹിത്യത്തിന്റെ വളർച്ചക്കും കാരണമായിട്ടുണ്ട്. അധിനിവേശത്തിന്റെയും കീഴടക്കലിന്റെയും ചരിത്രത്തിൽനിന്ന് തീർത്ഥാടനങ്ങളിലേക്കും പിന്നീട് ജീവിതങ്ങൾ തേടിയുള്ള യാത്രകൾ വരെയും എത്തിനിൽക്കുകയാണ് ഈ സാഹിത്യശാഖ. നിയതമായ യാത്രാവിവരണങ്ങളുടെ പാതയിൽനിന്ന് വേറിട്ടുനിൽക്കുന്ന രണ്ടു പുസ്തകങ്ങളാണ് പി.സുരേന്ദ്രന്റെ 'ദേവദാസി തെരുവുകളിലൂടെ'യും അരുൺ എഴുത്തച്ഛന്റെ 'വിശുദ്ധ പാപങ്ങളുടെ ഇന്ത്യ'യും ബാല്യത്തിൽത്തന്നെ ലൈംഗികതയുടെ ബലിപ്പുരയിലേക്കു വലിച്ചെറിയപ്പെട്ട ഇന്ത്യയിലെ ദേവദാസികളുടെ ചരിത്രവും വർത്തമാനവും ഇടകലർന്ന ആഖ്യാനമാണ് ഈ കൃതികളുടെ ഉള്ളടക്കം. യാത്രയെന്ന സാംസ്കാരിക പ്രക്രിയ ഓരോ കാലത്തും വ്യത്യാസപ്പെട്ടിരിക്കുന്നു. സമൂഹം പ്രാന്തവൽകരിച്ച ചുവന്ന തെരുവുകളിലൂടെയും വേശ്യാലയങ്ങളിലൂടെയും മാന്യതയെന്ന മിഥ്യാധാരണയെ പരിഗണിക്കാതെ, ഇവർ നടത്തിയ യാത്രകൾ പുസ്തകങ്ങളായപ്പോൾ യാത്രാവിവരണസാഹിത്യത്തിന് നവഭാവുകത്വം കൈവരുകയാണ്.

**ദേവദാസി തെരുവുകളിലൂടെ**

സൗന്തത്തിയിലെ യെല്ലമ്മക്ഷേത്രത്തിൽ നിന്നാണ് പി.സുരേന്ദ്രൻ ദേവദാസികളുടെ ജീവിതം തേടിയുള്ള യാത്ര ആരംഭിക്കുന്നത്. ദേവദാസികളുടെ കുലദേവതയായ യെല്ലമ്മയുടെ ചരിത്രവും ഐതിഹ്യവുമെല്ലാം വിശദീകരിക്കുന്നുണ്ട്. രതിയെ മതാത്മകതലത്തിൽ വ്യാഖ്യാനിക്കുകയും പ്രയോഗിക്കുകയും ചെയ്ത പ്രാചീന ഗോത്രസംസ്കാരത്തിന്റെയും ദളിതരെ തങ്ങളുടെ ജീവിത സാക്ഷാത്കാര പൂർത്തിക്കായി മാത്രം കണ്ട ഫ്യൂഡൽ വ്യവസ്ഥിതിയുടെയും ഇരകളാണിവരെന്ന് ഈ കൃതി സാക്ഷ്യപ്പെടുത്തുന്നു. തുടക്കത്തിൽ ക്ഷേത്രങ്ങളിലെ കൂത്തമ്പലങ്ങളിൽ കലയെ ഉപാസിച്ച് ജീവിച്ചവരാണവർ. ഗ്രാമത്തിന്റെ ഐശ്വര്യത്തിനും നന്മയ്ക്കും വേണ്ടി വേദകാലം മുതൽക്കേ നിലനിന്നിരുന്നെന്നു പറയപ്പെടുന്ന ദേവദാസീ സമ്പ്രദായം പിന്നീട് ദരിദ്രരായ മാതാപിതാക്കളുടെ പെൺമക്കളെ ശൈശവം മുതലേ ചൂഷണം ചെയ്യാനുള്ള സവർണ്ണരുടെ അവസരമായി മാറി. ഇന്നും ഈ സമ്പ്രദായം നിലനിന്നുപോരുന്ന ഗോവയുടെയും പടിഞ്ഞാറൻ ഡക്കാന്റെയും ഗ്രാമങ്ങളിലൂടെയുള്ള യാത്രാനുഭവങ്ങളാണ് പി.സുരേന്ദ്രന്റെ *ദേവദാസി തെരുവകളിലൂടെ* എന്ന കൃതിയുടെ പ്രതിപാദ്യം.

പരശുരാമന്റെ മാതാവും ജമദഗ്നി മഹർഷിയുടെ പത്നിയുമായ രേണുകയിൽ നിന്നാരംഭിക്കുന്നതാണ് ദേവദാസികളുടെ ചരിത്രം. പാതിവ്രത്യവുമായി ബന്ധപ്പെട്ട ഈ ഐതിഹ്യം അരികുവത്കരിക്കപ്പെട്ട ദളിത് സ്ത്രീകളെ അടിച്ചമർത്തുന്ന സവർണ്ണരുടെ മേൽക്കോയ്മയെ അടയാളപ്പെടുത്തുന്നു. കളങ്കിതയെന്ന ആണധികാരത്താൽ മുദ്രകുത്തപ്പെട്ട രേണുകയുടെ തലയ്ക്കുപകരം വയ്ക്കുന്നത് മാംതഗയെന്ന ദളിത് സ്ത്രീയുടെ ശിരസ്സാണ്. സ്വന്തം സമുദായത്തിന്റെ മുഖം ബഹുമാന്യയായ സവർണ്ണസ്ത്രീയിൽ കണ്ട് ആനന്ദിച്ച മാതംഗർ, മുനിപത്നി ചെയ്തെന്നു പ്രഖ്യാപിച്ച കളങ്കം തങ്ങളുടെ പെൺകുട്ടികളും ആവർത്തിച്ച് യെല്ലമ്മയുടെ അനുഗ്രഹം നേടണമെന്ന് ആഗ്രഹിച്ചതായാണ് ഐതിഹ്യം. ഈ കഥയുടെ ചുവടുപിടിച്ച് വലിയൊരു വിഭാഗം ഗ്രാമങ്ങളാണ് വേശ്യാവൃത്തിക്കു മാത്രമായി നിലകൊള്ളുന്നത്. അച്ഛനാരെന്നറിഞ്ഞിട്ടും പുറത്തു പറയാൻ അർഹതയില്ലാത്ത ഒരുപാട് കുട്ടികളും രോഗബാധിതരും നിരാശ്രയരുമായ നിരവധി അമ്മമാരുമാണ് നിലവിൽ ഈ സമ്പ്രദായത്തിന്റെ ഫലം. നിയമംമൂലം ദേവദാസീസമ്പ്രദായം നിർത്തലാക്കപ്പെട്ടെങ്കിലും അന്ധവിശ്വാസത്തിന്റെയും ദാരിദ്ര്യത്തിന്റെയും മറവിൽ ഇന്നും  സമർപ്പണം തുടർന്നുപോരുന്ന ഡെക്കാനിലെ പല ഗ്രാമങ്ങളുടെയും നേർച്ചിത്രം ഈ കൃതി അനാവരണം ചെയ്യുന്നു.

കേരളത്തിലെയും തമിഴ്നാട്ടിലെയും ദേവദാസീസമ്പ്രദായത്തിന്റെ ചരിത്രം കൃതിയിൽ പരാമർശിക്കുന്നുണ്ട്. ക്ഷേത്രഗ്രാമങ്ങളിലെ അലങ്കാരമായിരുന്ന അവരുടെ വാർദ്ധക്യകാലജീവിതം ഭിക്ഷാടനത്തിന്റേതായിരുന്നു. "ശരീരം വിറ്റിട്ടും ദാരിദ്ര്യത്തിൽനിന്നു കരകേറാൻ അവർക്കാവുന്നില്ല.

കരുവാളിച്ച ശരീരവും ഒടുങ്ങാത്ത കരച്ചിലുകളും മാത്രമാണവർ" (പി.സുരേന്ദ്രൻ: 2005:27) എന്ന ഗ്രന്ഥകാരൻ പറയുന്നു. ഡുമുക്കി വായിച്ചും തംബുരു മീട്ടിയും യെല്ലമ്മഗുഡുവിൽ അലയുന്ന ദേവദാസികളെയും ഹിജഡകളെയും കാണാം. ഭ്രാന്തിത്തള്ളയുടെ ഭാവമുള്ള ദേവമ്മയും ദേവദാസീ സമ്പ്രദായത്തെ ന്യായീകരിക്കുന്ന ഗൗരവ്വയും രാധയായി മാറിയ മക്ബൂൽ ജോഗപ്പയും അവരിൽ ചിലർ മാത്രം. ഇത്തരം അനേകം ദേവദാസീസ്ത്രീകളുടെ ദൈന്യം നിറഞ്ഞ മുഖം മനസ്സിൽ പതിപ്പിച്ചുകൊണ്ടാണ് ഗ്രന്ഥകാരൻ യാത്ര തുടരുന്നത്. സ്നേഹ, വിമോചന തുടങ്ങിയ എൻ.ജി.ഓ.കളുടെ പ്രവർത്തനങ്ങളും യാത്രാവിവരണത്തിൽ കടന്നുവരുന്നുണ്ട്. അവരുടെ പ്രവർത്തനങ്ങൾ അഭിനന്ദനാർഹമെങ്കിലും അടിസ്ഥാനസൗകര്യങ്ങൾ പോലും ലഭ്യമാകാത്ത ചേരിത്തെരുവുകളാണ് ദേവദാസിസ്ത്രീകളും കുട്ടികളും തിങ്ങിപ്പാർക്കുന്ന ഇടങ്ങൾ ആവശ്യത്തിനു ശുദ്ധജലമോ വിസർജ്യമാർഗ്ഗങ്ങളോ ലഭ്യമല്ല.

ആന്ധ്രയിലെ ജോഗിനിമാരുടെ തെരുവുകളിലും തുടർന്ന് കുട്ഗിയിലെ ദാസിത്തെരുവുകളിലുമാണ് യാത്ര അവസാനിക്കുന്നത്. ആന്ധ്രാപ്രദേശിലെ ദേവദാസികളാണ് ജോഗിനികൾ. ജന്മിമാരുടെ ഇച്ഛയ്ക്കനുസരിച്ചാണ് ആന്ധ്രയിലെ ജോഗിനി സമ്പ്രദായം നിലനിൽക്കുന്നത്. ഇവിടെയും ഹരിജനസമുദായങ്ങളിലെ പെൺകുട്ടികളാണ് ഈ അന്ധവിശ്വാസത്തിന്റെ ഇരകളാവുന്നത്. സ്ത്രീവേഷമണിഞ്ഞ് അമ്മദൈവത്തെ ആരാധിക്കുന്ന പുരുഷന്മാരെയും ഇവിടെ കാണാം. ഹംപിയെ പോലുള്ള വിനോദസഞ്ചാരകേന്ദ്രങ്ങളിൽ സാംസ്കാരിക ടൂറിസത്തോടൊപ്പം സെക്സ് ടൂറിസവും വളരുന്ന കാഴ്ചകൾ രേഖപ്പെടുത്തുന്നുണ്ട്.

ആരാധനയും വിശ്വാസവും ദാരിദ്ര്യവും കൂടിക്കലർന്ന ദേവദാസി തെരുവുകളിലൂടെയുള്ള വേറിട്ട യാത്രാനുഭവങ്ങൾ, വികസന പ്രവർത്തനങ്ങൾ ഇനിയും വേരോടിയിട്ടില്ലാത്ത ഇന്ത്യൻ ഗ്രാമങ്ങളുടെ ദൈന്യാവസ്ഥയെ തുറന്നുകാണിക്കുന്നു. തുടക്കത്തിൽ ആചാരവുമായും കലയുമായും ബന്ധപ്പെട്ട ഇവരുടെ ജീവിതം പിന്നീട് ചുവന്ന തെരുവുകളിലേക്കും വേശ്യാഗൃഹങ്ങളിലേക്കും പറിച്ചു മാറ്റപ്പെട്ടു. ഗ്രാമങ്ങളിലെ ഇത്തരം പിന്നാക്കാവസ്ഥയെ ചൂഷണം ചെയ്തു ജീവിക്കുന്ന നേതാക്കന്മാർ, രാഷ്ട്രീയപാർട്ടികൾ, മറ്റു ചില സംഘടനകൾ തുടങ്ങിയവരുടെ പൊള്ളത്തരങ്ങളും യെല്ലമ്മയുടെ കോപത്തെ ഭയന്ന് തങ്ങൾക്ക് ഇഷ്ടമില്ലാത്ത പാതയിലൂടെ നടക്കേണ്ടി വന്ന സ്ത്രീകളുടെയും അവരുടെ അരക്ഷിതരായ മക്കളുടെയും യഥാർത്ഥ ജീവിതത്തിലൂടെയുള്ള യാത്രയാണ് ഈ കൃതി.

**വിശുദ്ധ പാപങ്ങളുടെ ഇന്ത്യ**

പി.സുരേന്ദ്രന്റെ *ദേവദാസി തെരുവുകളിലൂടെ* എന്ന പുസ്തകത്തിനുശേഷം അതേ വഴിയിലൂടെ സഞ്ചരിച്ച മറ്റൊരു യാത്രാവിവരണമാണ് അരുൺ എഴുത്തച്ഛന്റെ *വിശുദ്ധപാപങ്ങളുടെ ഇന്ത്യ*. ‘മംഗലാപുരത്ത് ഡാൻസ് ബാറുകൾ നിരോധിക്കുന്നു’ എന്നൊരു വാർത്തയിൽ നിന്നാണ് പത്രപ്രവർത്തകനായ ഗ്രന്ഥകാരൻ യാത്രയാരംഭിക്കുന്നത്. മംഗലാപുരം മുതൽ കൊൽക്കത്തയിലെ സോനാഗച്ചി വരെ നടത്തുന്ന എട്ടുവർഷത്തെ യാത്രയാണ് പുസ്തകത്തിൽ പ്രതിപാദിക്കുന്നത്. ആരാധനയുടെ പേരിൽ സ്ത്രീകളെ ചൂഷണം ചെയ്യുന്ന സാമൂഹ്യവ്യവസ്ഥയെ തുറന്നു കാണിക്കുകയാണ് ഗ്രന്ഥകാരന്റെ ലക്ഷ്യം. “ദേവദാസികളെക്കുറിച്ച് പഴയ കഥകളിൽ വായിച്ച അറിവേ ഉണ്ടായിരുന്നുള്ളു. സമൂഹത്തിൽ ഉന്നത സ്ഥാനമുണ്ടായിരുന്ന ക്ഷേത്രനർത്തകികളാണ് അവരെന്നാണ് ഞാൻ മനസ്സിലാക്കിയിരുന്നത്. ഒരു കാലത്ത് രാജാക്കന്മാർപോലും അവരുടെ പെൺമക്കളെ ദേവദാസിയായി ക്ഷേത്രങ്ങൾക്ക് സമർപ്പിച്ചിരുന്നതായി പറയപ്പെടുന്നു. എന്നാൽ, ബ്രാഹ്മണമേധാവിത്തത്തിന്റെ കാലഘട്ടങ്ങളിൽ ദേവദാസികൾ സവർണ്ണരുടെ ഇംഗിതങ്ങൾക്ക് കീഴ്പ്പെട്ടുവഴി സാമൂഹികപദവി നഷ്ടപ്പെട്ടതായി ചരിത്രം പറയുന്നു. മധ്യകാലഘട്ടത്തിൽ കേരളത്തിൽ അച്ചീചരിതങ്ങൾക്കും ചമ്പുക്കൾക്കും മറ്റും സാമൂഹികപശ്ചാത്തലമായ ഈ അനാചാരം ഇന്നും നിലനിൽക്കുന്നു എന്നത് എനിക്ക് പുതിയ അറിവായിരുന്നു.” (അരുൺ എഴുത്തച്ഛൻ: 2016: 17) എന്നു പറഞ്ഞുകൊണ്ടാണ് യാത്ര ആരംഭിക്കുന്നത്.

സർക്കാർ പെൻഷൻ ഏർപ്പാടാക്കിയിട്ടുണ്ടെങ്കിലും അതൊന്നും ലഭിക്കാതെ അനാഥജീവിതം നയിക്കുന്ന നിരവധി ദേവദാസികളുടെ നേരിട്ടുള്ള ജീവിതം ഈ കൃതിയിൽ കാണാം. ഈ വിഭാഗത്തിന്റെ ദാരിദ്ര്യത്തെയും ജീവിതസാഹചര്യങ്ങളെയും ചൂഷണം ചെയ്യുന്ന മതനേതാക്കളും എൻ.ജി.ഒ.കളും ഇവരുടെ അരക്ഷിതാവസ്ഥയെ വർദ്ധിപ്പിക്കുകയാണ് ചെയ്യുന്നത്. ഋതുമതിയാകുന്നതോടെ പെൺകുട്ടിയെ ദേവിക്ക് സമർപ്പിച്ച് സമൂഹത്തിന്റെ പ്രത്യേകിച്ച് സവർണ്ണവിഭാഗത്തിന്റെ പൊതുസ്വത്താക്കുകയാണ് ചെയ്യുന്നത്. കർണ്ണാടകയിലെ ഉച്ചംഗിമലയിൽ നിന്നാരംഭിച്ച് കർണ്ണാടകയിലെയും ആന്ധ്രയിലെയും ഇത്തരം സമ്പ്രദായങ്ങൾ നിലനിൽക്കുന്ന/ നിലനിന്നിരുന്ന ഗ്രാമപ്രദേശങ്ങളിലൂടെ, ലോകത്തെ തന്നെ ഏറ്റവും വലിയ വേശ്യാത്തെരുവുകളിലൊന്നായ കൊൽക്കത്തയിലെ സോനാഗച്ചിയിലേക്കും കാളീഘട്ടിലേക്കും മുംബൈയിലെ കാമാത്തിപുരിയിലേക്കുമുള്ള ദേവദാസികളുടെ ജീവിതങ്ങളിലേക്കുള്ള യാത്രയായി പരിണമിക്കുന്നു.

സതിസമ്പ്രദായം നിർത്തലാക്കിയതിനെത്തുടർന്ന് ചുവന്ന തെരുവുകളിൽ അഭയം പ്രാപിക്കേണ്ടി വന്നവരാണ് ഉത്തരേന്ത്യയിലെ ലൈംഗികത്തൊഴിലിൽ ഏർപ്പെടുന്ന മിക്കവരും. വൃന്ദാവനത്തിലെ വിധവകളായ രാധമാർ അതിനുദാഹരണമാണ്. പ്രതിവർഷം നൂറുകണക്കിനു പേർ ഇവിടെയെത്തുന്നുണ്ട്.

വോട്ട്ബാങ്ക് നിലനിർത്താൻവേണ്ടി സാമൂഹികപ്രവർത്തകരും നേതാക്കളും ഇവരുടെ ഇടയിൽ ചെയ്യുന്ന പ്രഹസനങ്ങളെ പലയിടത്തും തുറന്നു കാട്ടിയിരിക്കുന്നത് ഒരു മാധ്യമപ്രവർത്തകന്റെ പത്രധർമ്മമായി കാണാം. കോയൽരാജ് എന്ന പത്തൊൻപത് വയസ്സുള്ള പെൺകുട്ടിയുമായി സംസാരിച്ച് തിരിച്ചിറങ്ങുമ്പോൾ ഈ മാധ്യമധർമ്മത്തിന്റെ പൊള്ളത്തരത്തെ ഗ്രന്ഥകാരൻ സ്വയം വിമർശിക്കുന്നുണ്ട്- "പിന്നെയുള്ള മൂന്നുനില ഇറങ്ങുമ്പോൾ ഞങ്ങൾ രണ്ടുപേരും ഒന്നും മിണ്ടിയില്ല. ഞാൻ ആലോചിച്ചത്, വേശ്യകളെക്കാൾ മോശമാണോ പത്രപ്രവർത്തകന്റെ മനസ്സ് എന്നാണ്. വേശ്യകൾ എപ്പോഴെങ്കിലും മനസ്സു തുറക്കാൻ ആഗ്രഹിക്കുന്നു. ആ സമയത്തും പത്രപ്രവർത്തകൻ അടുത്ത ന്യൂസ് സോഴ്സ് തേടുകയാണ്." (അരുൺ എഴുത്തച്ഛൻ: 2016: 95).

ദേവദാസികളുമായി ബന്ധപ്പെട്ട മുജ്റ എന്ന നൃത്തകലയെ പുസ്തകത്തിൽ സൂചിപ്പിക്കുന്നുണ്ട്. കാമാത്തിപുരിയിൽ മുജ്റയുടെ പേരിൽ വേശ്യാലയം നടത്തിയിരുന്ന മുതിർന്ന സ്ത്രീ ഉജ്ജയിനിയിലെ ദേവദാസിയായിരുന്നെന്ന അറിവ് ഗ്രന്ഥകാരനെ നടുക്കുന്നുണ്ട്. ദക്ഷിണേന്ത്യയിൽ ക്ഷേത്രങ്ങളോടനുബന്ധിച്ച് നിലവിലുണ്ടായിരുന്ന ദേവദാസികളുടെ ചരിത്രം തന്നെയായിരുന്നു അവർക്കും പറയാനുണ്ടായിരുന്നത്. അവർ സൂചിപ്പിച്ച സുനീത എന്ന ദേവദാസികളുടെ നേതാവിനെ ഗ്രന്ഥകാരൻ ഉജ്ജയിനിയിൽ കണ്ടുമുട്ടുന്നുണ്ട്. ദേവദാസികളെ അടക്കി വാണിരുന്ന റാണിയായ സുനീതയെയല്ല, ഓടവെള്ളത്തിൽനിന്ന് അവശിഷ്ടങ്ങൾ പെറുക്കിത്തിന്നുന്ന നിരാലംബയായ വൃദ്ധയെയാണ് കണ്ടത്. പ്രദേശങ്ങളും പേരുകളും മാറിയാലും ദേവദാസികളുടെ ജീവിതപരിസരം ഏകദേശം ഒരുപോലെയാണെന്ന് ഈ കാഴ്ച തെളിയിക്കുന്നു. ദേവദാസികളുടെ മക്കൾ നേരിടുന്ന അവഗണനകളും മാനസികസംഘർഷങ്ങളും ഹൃദയഭേദകമാണ്. യശോദയെന്ന ദേവദാസിയുടെ മകനായ പ്രസാദിനെ അവസാനം പരിചയപ്പെടുത്തുന്നുണ്ട്. ദളിതരുടെയും ദേവദാസികളുടെയും ചരിത്രമുൾക്കൊള്ളുന്ന കവിതകളെഴുതിയതിന് പ്രസാദിനെതിരെ അക്രമങ്ങൾ നടന്നിരുന്നു. ദളിതരോടുള്ള സമീപനത്തിൽ വലിയ മാറ്റങ്ങളൊന്നും കർണ്ണാടകയുടെ പല ഉൾപ്രദേശങ്ങളിലും ഉണ്ടായിട്ടില്ലെന്നാണ് പ്രസാദിന് പറയാനുണ്ടായിരുന്നത്.

എട്ടുവർഷത്തെ നീണ്ട യാത്രക്കൊടുവിൽ ദേവദാസികളുടെ കേസ് സുപ്രീംകോടതിയിലേക്ക് എത്തിച്ച മാധ്യമപ്രവർത്തകൻ എന്ന താല്ക്കാലികാശ്വാസത്തോടെയാണ് അരുൺ എഴുത്തച്ഛൻ യാത്ര അവസാനിപ്പിക്കുന്നത്. സുപ്രീംകോടതി വിധി കർണ്ണാടകയിൽ അടിമുടി മാറ്റങ്ങൾ വരുത്തിയെന്നു പറയാനാവില്ല. ശൈശവവിവാഹങ്ങൾ വർദ്ധിച്ചത് അതിനുദാഹരണമാണ്. നിയമമല്ല അന്നമാണ് ആവശ്യമെന്ന് ഇവരുടെ ജീവിതങ്ങൾ പറയുന്നു. "പെൺഭ്രൂണഹത്യ നിരോധിച്ചുകൊണ്ടുള്ള നിയമമുണ്ട് രാജ്യത്ത്. പക്ഷേ, എത്രയോ പെൺകുരുന്നുകൾ ഇന്നും ഈ ഭൂമി കാണാതെ ഒടുങ്ങുന്നു. പിറന്നുവീഴുന്ന

പെണ്ണുങ്ങളുടെ ദുരിതം കാണുമ്പോൾ അങ്ങനെ ജനിക്കപ്പെടാതെ മരിച്ചവർ ഭാഗ്യവതികൾ എന്നു സമ്മതിക്കേണ്ടി വരുന്നു." (അരുൺ എഴുത്തച്ഛൻ: 2016: 208) എന്നവസാനിക്കുന്ന ഈ യാത്രാവിവരണകൃതി ദാരിദ്ര്യവും അജ്ഞതയും കൊടികുത്തിവാഴുന്ന ഇന്ത്യൻ ഗ്രാമങ്ങളുടെ നേർചിത്രമാണ്; വിശ്വാസത്തിന്റെ പേരിൽ ചൂഷണം ചെയ്യപ്പെട്ട നിരവധി പെൺജീവിതങ്ങളുടെ ബലിപ്പുരയാണ്.

**ഉപസംഹാരം**

*ദേവദാസി തെരുവുകളിലൂടെ, വിശുദ്ധപാപങ്ങളുടെ ഇന്ത്യ* എന്നിവ യാത്രാവിവരണസാഹിത്യത്തിലാണ് ഉൾപ്പെടുന്നത്. എന്നാൽ മറ്റു സഞ്ചാരസാഹിത്യ കൃതികളെപ്പോലെ പ്രകൃതിവർണ്ണനകളോ സ്ഥലവർണ്ണനകളോ അല്ല ഇവയുടെ പ്രതിപാദ്യം. ആരാധനയുടെയും വിശ്വാസത്തിന്റെയും പേരിൽ ലൈംഗികത്തൊഴിലാളികളും ഗ്രാമവേശ്യകളും വെപ്പാട്ടികളുമായി മാറിയ ദേവദാസികളുടെ ജീവിതങ്ങളിലൂടെയുള്ള യാത്രയാണ് ഈ രണ്ടു കൃതികളും. ചുവന്ന തെരുവുകളും അവിടത്തെ ദിനരാത്രങ്ങളും അവരെ അവിടേക്കെത്തിച്ച സാഹചര്യങ്ങളുമാണ് ഇവയിൽ ചർച്ച ചെയ്യുന്നത്. എന്നാൽ, നിറംപിടിപ്പിച്ച മസാലച്ചുവയുള്ള എഴുത്തല്ല, ദാരിദ്ര്യവും അരക്ഷിതാവസ്ഥയും ഗതികേടുകളും കൂടിപ്പുരണ്ട നിറംകെട്ട യാഥാർത്ഥ്യങ്ങളാണ് ഇവയുടെ കാതൽ. '*ദേവദാസി തെരുവുകളിലൂടെ*' എന്ന പി.സുരേന്ദ്രന്റെ കൃതിയിൽ ചരിത്രത്തിനും ഐതിഹ്യത്തിനും കുറച്ചധികം പ്രാധാന്യം നൽകിയിട്ടുണ്ട്. അരുൺ എഴുത്തച്ഛന്റെ '*വിശുദ്ധ പാപങ്ങളുടെ ഇന്ത്യ*'യിൽ വർത്തമാനകാല ചൂഷണങ്ങളുടെയും അനുഭവങ്ങളുടെയും ആവിഷ്കാരമാണുള്ളത്.

കേവലം യാത്രകളുടെ സ്ഥിതിവിവരക്കണക്കുകൾക്കും പ്രകൃതി ചിത്രണങ്ങൾക്കുമപ്പുറം യാത്രാവിവരണസാഹിത്യത്തിന്റെ മാറുന്ന ഭാവുകത്വമാണ് ഈ കൃതികൾ മുന്നോട്ടുവയ്ക്കുന്നത്. ദേവദാസികളുടെ ജീവിതത്തെക്കുറിച്ച് എഴുതിക്കിട്ടുന്ന പ്രതിഫലത്തുക അവരുടെ പുനരധിവാസ പ്രവർത്തനങ്ങൾക്കായി സംഭാവന ചെയ്തു പി.സുരേന്ദ്രനെന്ന എഴുത്തുകാരനും മംഗലാപുരത്തെ നിശാക്ലബ്ബുകൾ നിരോധിച്ചെന്ന വാർത്ത കൈകാര്യം ചെയ്തതിലൂടെ വിശദമായ, നേരിട്ടുള്ള അന്വേഷണത്തിലൂടെ ഈ പ്രശ്നം പരമോന്നത നീതിപീഠത്തിന്റെ മുൻപിലെത്തിച്ച മാധ്യമപ്രവർത്തകനും ആ നവഭാവുകത്വത്തിന്റെ മാനുഷികമായ ഇടപെടലുകളാണ്. സ്ഥലകാല വിവരണങ്ങളോടൊപ്പം സാമൂഹികവും സാംസ്കാരികവുമായ ജീവിതപരിസരങ്ങളെയും അടയാളപ്പെടുത്താൻ ഈ കൃതികൾ പ്രചോദനമാണ്.

**ഗ്രന്ഥസൂചി**

1. അരുൺ എഴുത്തച്ഛൻ, 2016, വിശുദ്ധപാപങ്ങളുടെ ഇന്ത്യ, ഡി.സി.ബുക്സ്, കോട്ടയം.
2. രമേഷ് ചന്ദ്രൻ, വി, 1989, സഞ്ചാരസാഹിത്യം മലയാളത്തിൽ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം
3. സവിത ഇ. (എഡിറ്റർ), 2017, യാത്ര; അനുഭവം ആഖ്യാനം, സംസ്കാരം, വിപണനം, പുസ്തകഭവൻ, കണ്ണൂർ.
4. സുരേന്ദ്രൻ പി., 2005, ദേവദാസി തെരുവുകളിലൂടെ, ഗ്രീൻ ബുക്സ്, തൃശ്ശൂർ.